# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 3190      15.12.2015- ൽ മറുപടിക്ക്

## കൊല്ലങ്കോട് ബൈപാസ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) നെൻമാറ നിയോജക മണ്ഡലത്തിൽ കൊല്ലങ്കോട് ബൈപാസിന്റെ ഭൂമി ഏറ്റെടുക്കുവാൻ നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) കൊല്ലങ്കോട് ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി പദ്ധതി ചെലവിന്റെ 25% (2,64,30,000/- രൂപ) മുൻകൂറായി കെട്ടിവെയ്ക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ നം. 1 പാലക്കാട് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള ഒരു ലെറ്റർ ഓഫ് ക്രഡിറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കൊല്ലങ്കോട് ബൈപാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് വർഷം മുതൽ തുടങ്ങിയതാണ്; നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;<br><br>(സി) ബൈപാസ്സിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (ബി) യും (സി) യും 14.07.2009-ലെ സ.ഉ (സാധാ) നം. 1045/09/പൊ.മ.വ പ്രാകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി 22.04.2009-നാണ് ആരംഭിച്ചത്. നിർദ്ദിഷ്ട സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. വയൽ നികത്തുന്നതിന് ആവശ്യമായ അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായ ശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ